ഉന്നത ഉദ്യോഗസ്ഥർ തമ്മിൽ പരസ്യമായി അഴിമതിക്കുറ്റാരോപണങ്ങൾ നടത്തുന്ന സംഭവങ്ങൾ

15 (1543) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നത ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിൽ പരസ്യമായ അഴിമതിക്കുറ്റാരോപണങ്ങൾ നടത്തുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിജിലൻസിന്റെ തലപ്പത്തുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥനെ വിജിലൻസ് കേസിൽ കുടുക്കാൻ ഉന്നതനായ ഐ.എ.എസ്. ഉദ്യോഗസ്ഥൻ ശ്രമിക്കുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ പരസ്പരവൈരവും പരസ്യമായ ആരോപണ പ്രത്യാരോപണവും സിവിൽ സർവ്വീസിന്റെയും പോലീസ് വകുപ്പിന്റെയും അന്തസ്സും കാര്യക്ഷമതയും ഇല്ലാതാക്കുന്ന സ്ഥിതി വിശേഷം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ?

ഉത്തരം

(എ-ബി) ശ്രീ. സി. ബി. മാത്യു ഐ.പി.എസ്. അടുത്തിടെ മാധ്യമങ്ങളിലൂടെ നടത്തിയ ചില പരാമർശങ്ങൾ സംബന്ധിച്ച് ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്. അപകീർത്തികേസ് ഫയൽ ചെയ്യുന്നതിന് സർക്കാർ അനുമതി തേടിയിട്ടുണ്ട്.

(സി) ആൾ ഇൻഡ്യാ സർവീസ് ഉദ്യോഗസ്ഥരുടെ കോൺടക്ട് റൂൾസ്, ഡിസിപ്ലിൻ ആന്റ് അപ്പീൽ റൂൾസ് എന്നിവയിൽ സർവീസിന്റെ മാന്യത പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവ ലംഘിക്കുന്നവർക്കെതിരെ സർക്കാരിന് അച്ചടക്ക നടപടി കൈക്കൊള്ളാവുന്നതാണ്.

ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഉദ്യോഗസ്ഥരുടെ എണ്ണം

16 (1544) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഉദ്യോഗസ്ഥരുടെ ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ പ്രസ്തുത വിഭാഗത്തിൽ സംസ്ഥാനത്ത് എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ പ്രസ്തുത വിഭാഗത്തിലെ എത്ര ഉദ്യോഗസ്ഥർ വീതം കേന്ദ്രസർവ്വീസിലേയ്ക്കും മറ്റ് സംസ്ഥാന സർവ്വീസുകളിലേയ്ക്കും പോയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐ.എ.എസ് - 9 ഒഴിവുകൾ.

ഐ.പി.എസ് - 15 ഒഴിവുകൾ.

ഐ.എഫ്.എസ് - 17 ഒഴിവുകൾ.

(ബി) ഐ.എ.എസ് - 107*

ഐ.പി.എസ് - 83

ഐ.എഫ്.എസ് - 65

*ഇതിൽ ശ്രീ. ടി. ഭാസ്കരൻ ഐ.എ.എസ്. സസ്പെൻഷനിലാണ്. ശ്രീ. സുബ്രതാ ബിശ്വാസ് ഐ.എ.എസ്. കേന്ദ്ര ഡെപ്യൂട്ടേഷനുശേഷം തിരികെ കേഡറിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കേന്ദ്ര സർവീസിലേക്ക് പോയ ഉദ്യോഗസ്ഥർ

ഐ.എ.എസ് - 44

ഐ.പി.എസ് - 20

ഐ.എഫ്.എസ് - 13

മറ്റ് സംസ്ഥാന സർവീസിലേക്ക് പോയ ഉദ്യോഗസ്ഥർ

ഐ.എ.എസ് - 4

ഐ.പി.എസ് - ഇല്ല.

ഐ.എഫ്.എസ് - 2

എൻഡോസൾഫാൻ ദുരന്തമനുഭവിക്കുന്നവർക്ക് നഷ്ട പരിഹാരം നൽകാനും പുനരധിവാസ പരിപാടികൾ ഏർപ്പെടുത്താനും കേന്ദ്ര സഹായം

17 (1545) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരന്തമനുഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാനും പുനരധിവാസ പരിപാടികൾ ഏർപ്പെടുത്താനും കേന്ദ്ര സംസ്ഥാന സർക്കാരിന്റെ സംയുക്താഭിമുഖ്യത്തിൽ പ്രത്യേക പാക്കേജിന് രൂപം നൽകാൻ നടപടി വേണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly